(എഫ്) ഈ റോഡ് നിർമ്മാണത്തിന്റെ അപാകതകളെപ്പറ്റിയും, മറ്റും ഒരു ഉന്നതാന്വേഷണം നടത്തുമോ?

ഉത്തരം

(എ) അഞ്ചൽ, തെൻമല റേഞ്ചുകളിൽ നിന്നായി കല്ലട പ്രോജക്ടിനുവേണ്ടി ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിൽനിന്നും 2498 ഹെക്ടർ സ്ഥലം ക്ലിയർ ഫെല്ലുചെയ്തു ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിനു വിട്ടുകിട്ടിയിട്ടുണ്ട്.

(ബി) പണി തീർന്ന പരപ്പാർ ഡാമിനെയും പള്ളംപെട്ടി ഡാമിനേയും സന്ധിച്ചുകൊണ്ട് ഒരു പുതിയ റോഡ് നിർമ്മിച്ചു വരുന്നു. ഇത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനു വിട്ടുകിട്ടിയ സ്ഥലമായതിനാൽ വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെയോ വനം വകുപ്പിന്റെയോ അനുവാദം ആവശ്യപ്പെട്ടിട്ടില്ല.

(സി) 7-7-1986 വരെ പ്രസ്തുത പണിയ്ക്കായി 13.4 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഇരു ഡാമുകളേയും ബന്ധിപ്പിച്ചുകൊണ്ട് മറ്റു ജലസേചനപദ്ധതികളിൽ ചെയ്തിട്ടുള്ളതുപോലെ റിസർവോയറിന്റെ ഏറിയകൂറും പരീക്ഷണവിധേയമാക്കുന്നതിനും വിനോദസഞ്ചാര വികസനത്തിനും ഉദ്ദേശിച്ചാണ് പ്രസ്തുത റോഡ് നിർമ്മാണത്തിനു ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഇ) ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറുടെ അനുവാദത്തോടെയാണ് പ്രസ്തുത പണി ചെയ്തിട്ടുള്ളത്.

(എഫ്) ഈ റോഡു നിർമ്മാണത്തെക്കുറിച്ചു ആവശ്യം വേണ്ട അന്വേഷണങ്ങളും നടത്തുന്നതാണ്.

പരുമല ദേവസ്വം ബോർഡ കോളേജിനുമുൻവശമുള്ള സംരക്ഷണ ഭിത്തി

1186 [2154] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുമല ദേവസ്വം ബോർഡ് കോളേജിനു മുൻവശമുള്ള പമ്പയാറിന്റെ കരയിൽ സംരക്ഷണഭിത്തികെട്ടുവാൻ ആരംഭിച്ചത് എന്നാണ്?

(ബി) ഇതിന്റെ പണി കുറെനാളായി നടക്കുന്നില്ലയെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജോലിക്കു വക കൊള്ളിച്ചിട്ടുള്ള തുക എത്രയാണ്;

ഉത്തരം

(എ) പരുമല ദേവസ്വം കോളേജിനു സമീപം പമ്പയാറിന്റെ വലത്തുകരയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള പണിയുടെ എഗ്രിമെന്റ് 13-5-1983-ൽ വയ്ക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) 1986-87-ലെ ബഡ്ജറിൽ പ്രസ്തുത പണിയ്ക്ക് 2 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly